ഭരണഭാഷ മാതൃഭാഷ

,സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്
വികാസ്ഭവൻ പി..ഒ, തിരുവനന്തപുരം--695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website: www.ecostat.kerala.gov.in

നം. DES/2672/2022-COMP5 തീയതി : **22/11/2022**

## <u>സർക്കുലർ</u>

വിഷയം :സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് - ലാപ്ടോപ്പുകൾ, ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ എന്നിവ ശരിയായ രീതിയിൽ ഉപയോഗിക്കുന്നത് - സംബന്ധിച്ച്.
സൂചന : 23-07-2021 തീയതിയിലെ GO(Rt) No.99/2021/ITD നമ്പർ സർക്കാർ ഉത്തരവ്

സൂചന പ്രകാരം സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടറുകൾക്ക് പകരം ലാപ് ടോപ്പുകൾ മാത്രമേ പുതിയതായി വാങ്ങാൻ പാടുള്ളൂ എന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2022-23 വർഷം മുതൽ വകുപ്പിൽ ലാപ്ടോപ്പുകളാണ് വാങ്ങുന്നത്. ആയതിനാൽ ലാപ്ടോപ്പുകൾ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. ജീവനക്കാർക്ക് അനുവദിക്കുന്ന ലാപ്ടോപ്പുകൾ കേടുകൂടാതെ സൂക്ഷിക്കേണ്ട ഉത്തരവാദിത്തം അവരവരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.
2. ഓഫീസ് ജോലി കഴിഞ്ഞ് പോകുമ്പോൾ ലാപ്ടോപ്പുകൾ, കമ്പ്യൂട്ടറുകൾ എന്നിവ ശരിയായ രീതിയിൽ shut down ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
3. അനുവദിക്കുന്ന ലാപ്ടോപ്പുകൾ കമ്പ്യൂട്ടർ വിഭാഗത്തിന്റെ അനുമതി കൂടാതെ (ജില്ലാ ഓഫീസുകളിൽ ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി , താലൂക്ക് ഓഫീസുകളിൽ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറുടെ അനുമതി ) കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. എന്നാൽ ബന്ധപ്പെട്ട സെക്ഷനുകൾ നടത്തുന്ന പരിശീലന പരിപാടികൾക്ക് ഇവ ഉപയോഗിക്കാവുന്നതാണ്.
4. ഓഫീസർമാർ, ഓഫീസ് മേലധികാരികൾ, സെക്ഷൻ മേധാവികൾ എന്നിവർക്ക് അത്യാവശ്യഘട്ടങ്ങളിൽ അനുവദിച്ചിട്ടുള്ള ലാപ്ടോപ്പുകൾ വീട്ടിൽ കൊണ്ടുപോയി ഉപയോഗിക്കാവുന്നതാണ്. എന്നാൽ മറ്റു ജീവനക്കാർക്ക് ബന്ധപ്പെട്ട മേലധികാരിയുടെ അനുമതിയോടെ അത്യാവശ്യഘട്ടങ്ങളിൽ വീട്ടിൽ കൊണ്ടുപോയി ഉപയോഗിക്കാവുന്നതാണ് (Work from home).
5. ഓഫീസ് ആവശ്യങ്ങൾക്ക് കമ്പ്യൂട്ടറുകൾക്ക് പകരമായി ലാപ്ടോപ്പുകൾ

നൽകുന്നതിനാൽ ലാപ്ടോപ്പുകൾ വീട്ടിൽ കൊണ്ടുപോകുന്നുണ്ടെങ്കിൽ അടുത്ത ദിവസം തന്നെ ഓഫീസിൽ തിരികെ കൊണ്ടുവന്ന് ഉപയോഗിക്കേണ്ടതാണ്.

6. ലാപ്ടോപ്പുകളുടെ ബാറ്ററിയുടെ പ്രവർത്തനക്ഷമത നിലനിർത്തുന്നതിനായി 100% ചാർജ്ജാകുമ്പോൾ പവർ ഡിസ്കണക്ട് ചെയ്യേണ്ടതും, ഓഫീസിൽ നിന്നും മടങ്ങുമ്പോൾ നിർബന്ധമായും പവർ ഡിസ്കണക്ട് ചെയ്യേണ്ടതുമാണ്.
7. നിരപ്പായ പ്രതലത്തിൽ മാത്രമേ ലാപ്ടോപ്പുകൾ വെച്ച് ഉപയോഗിക്കുവാൻ പാടുള്ളൂ. കൂടാതെ ലാപ്ടോപ്പിന്റെ പുറത്ത് മറ്റ് ഭാരമേറിയ വസ്തുക്കൾ ഒന്നും വെയ്ക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
8. കമ്പ്യൂട്ടറുകൾ പ്രോപ്പർ ഷട്ട്ഡൗൺ ചെയ്യാതെ പവർ സപ്ലൈ ഓഫ് ചെയ്യാൻ പാടുള്ളതല്ല.
9. വൈകുന്നേരങ്ങളിൽ കമ്പ്യൂട്ടറുകൾ ഷട്ട്ഡൗൺ ചെയ്തതിന് ശേഷം പവർ സപ്ലൈ കൂടി ഓഫ് ചെയ്യേണ്ടതാണ്.
10. ലാപ്ടോപ്പുകൾ വീട്ടിൽ കൊണ്ടുപോകുന്ന സാഹചര്യങ്ങളിൽ കുട്ടികൾ ഉൾപ്പെടെ മറ്റുള്ളവർ ഉപയോഗിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.
11. ലാപ്ടോപ്പുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി (prevention of virus attack) പെൻ ഡ്രൈവ് ഉപയോഗം ഒഴിവാക്കേണ്ടതും പകരം ഡാറ്റ ട്രാൻസ്ഫറിനായി ഇ-മെയിൽ, ഗൂഗിൾ ഡ്രൈവ് എന്നിവ ഉപയോഗിക്കേണ്ടതുമാണ്.
12. ലാപ്ടോപ്പുകളുടെ Ports കേടാകാതെ സൂക്ഷിക്കുന്നതിനായി USB, Ethernet, HDMI പോർട്ടുകൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ ജീവനക്കാർ പാലിക്കുന്നുവെന്ന് ബന്ധപ്പെട്ട മേലധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്. വീഴ്ച്ച വരുത്തിയതായി പരിശോധനയിൽ കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

Signature valid
Digitally signed by Sajeevu P P
Date: 2022.11.22 22:16:30 IST
Reason: Approved

**DIRECTOR**

എല്ലാ സെക്ഷൻ മേധാവികൾക്കും
എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർക്കും
ഡയറക്ടറുടെ സി.എ.

അഡീഷണൽ ഡയറക്ടർ (ജനറൽ) ന്റെ സി.എ.
അഡീഷണൽ ഡയറക്ടർ (സ്റ്റേറ്റ് ഇൻകം) ന്റെ സി.എ.
അഡീഷണൽ ഡയറക്ടർ (പ്രൈസസ്) ന്റെ സി.എ.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.